LIBRARY ARCHIVES Kerala Legislative Assembly

കാലപ്പഴക്കംകൊണ്ട് കേടുപാട് സംഭവിച്ച പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ

285(4917) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലപ്പഴക്കംകൊണ്ട് കേടുപാട് സംഭവിച്ച പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ ശക്തിപ്പെടുത്തലും അറ്റകുറ്റപ്പണിയും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പൊതുമരാമത്തു വകുപ്പിന്റെ, കാലപ്പഴക്കം മൂലം നാശം സംഭവിച്ചു കൊണ്ടിരിക്കുന്ന പാലങ്ങൾക്ക് പകരം പാലങ്ങൾ നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കാലപ്പഴക്കം കൊണ്ട് കേടുപാട് സംഭവിച്ചതോ നാശം സംഭവിച്ചുകൊണ്ടിരിക്കുന്നതോ ആയ രീതിയിൽ 91 പാലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഈ പാലങ്ങൾക്ക് പകരം പാലം നിർമ്മിക്കുവാൻ പ്രത്യേക പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പാലങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

റോഡുനവീകരണത്തിനും നിർമ്മാണത്തിനുമായി ഏകോപന സംവിധാനം

286(4918) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുനവീകരണത്തിനും നിർമ്മാണത്തിനുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവൃത്തികൾ നടത്തുവാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇതിനായി ഒരു പ്രത്യേക ഏജൻസിക്കു രൂപം നൽകുമോ; വിശദാംശങ്ങൾ എന്തെല്ലാം;